പതിമൂന്നാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 3783 17.10.2011- ലെ മറുപടി

മലപ്പുറം - മഞ്ചേരി - കരുവാരക്കുണ്ട് ബസ് സർവ്വീസ്

ചോദ്യം ഉത്തരം

ശ്രീ. എം. ഉമ്മർ

ശ്രീ. വി.എസ്. ശിവകുമാർ
ഗതാഗതവും ദേവസ്വവും വകുപ്പ് മന്ത്രി

| | | | |
|---|---|---|---|
| (എ) | മലപ്പുറം ജില്ലയിലെ ഗതാഗതത്തിന് കെ.എസ്.ആർ.ടി.സി. ബസ്സുകളുടെ കുറവ് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (എ) | ഉണ്ട്. കെ.എസ്.ആർ.ടി.സി. പുതിയ ബസ്സുകൾ നിരത്തിലിറക്കി തുടങ്ങിയതോടു കൂടി മലപ്പുറം ജില്ലയിലെ 4 ഡിപ്പോകളിൽ നിന്നുമായി കഴിഞ്ഞ നാലു വർഷത്തിനിടയിൽ കൂടുതൽ സർവ്വീസുകൾ ആരംഭിക്കുവാൻ കഴിഞ്ഞിട്ടുണ്ട്. നിലവിൽ മലപ്പുറത്തുനിന്നും 58 സർവ്വീസും നിലമ്പൂരിൽ നിന്നും 32 സർവ്വീസും പെരുന്തൽമണ്ണയിൽ നിന്നും 49 സർവ്വീസും പൊന്നാനിയിൽ നിന്നും 30 സർവ്വീസും ഓപ്പറേറ്റ് ചെയ്ത് വരുന്നുണ്ട്. പുറമെ മലപ്പുറത്തുനിന്നും 10 സർവ്വീസുകളും നിലമ്പൂരിൽ നിന്ന് 22 സർവ്വീസുകളും പെരുന്തൽമണ്ണയിൽ നിന്ന് 8 സർവ്വീസും പൊന്നാനിയിൽ നിന്ന് ഒരു സർവ്വീസും ആരംഭിക്കുന്നതിന് അനുവാദവും നൽകിയിട്ടുണ്ട്. പ്രധാനമായും ചെയിൻ സർവ്വീസുകളായി അനുവാദം നൽകിയ ഷെഡ്യൂളുകൾ ബസ്സും ജീവനക്കാരും ലഭ്യമാകുന്ന മുറയ്ക്ക് ആരംഭിക്കുന്നകാര്യം പരിശോധിക്കുന്നതാണ്. ഈ സർക്കാർ അധികാരത്തിൽ വന്നശേഷം മലപ്പുറം ജില്ലയിലെ വിവിധ യൂണിറ്റുകളിലെ വരുമാനകുറവുള്ള ഷെഡ്യൂളുകൾ യാത്രക്കാർക്ക് |

| | | | |
|---|---|---|---|
| | | | പ്രയോജനപ്രദമാകത്തക്ക രീതിയിൽ പുനഃക്രമീകരിച്ചതിനു പുറമെ നിലമ്പൂരിൽ നിന്നും 3 സർവ്വീസും പൊന്നാനിയിൽ നിന്നും 3 സർവ്വീസും പെരുന്തൽമണ്ണയിൽ നിന്ന് 2 സർവ്വീസും ഇതിനകം പുതുതായി ആരംഭിച്ചുകഴിഞ്ഞിട്ടുണ്ട്. മേൽ സൂചിപ്പിച്ച അനുവാദം നൽകിയ ചെയിൻ സർവ്വീസുകൾ ഉൾപ്പെടെയുള്ള സർവ്വീസുകൾ ആരംഭിക്കുന്ന മുറയ്ക്ക് മലപ്പുറം ജില്ലയിലെ കെ.എസ്.ആർ.ടി.സി. ബസ്സുകളുടെ കുറവ് പരിഹരിക്കുവാൻ കഴിയുമെന്ന് കരുതുന്നു.<br><br>മലപ്പുറം ജില്ലയിലെ മലപ്പുറം യൂണിറ്റിൽ 58-ഉം, പൊന്നാനി യൂണിറ്റിൽ 35-ഉം, നിലമ്പൂർ യൂണിറ്റിൽ 36-ഉം പെരുന്തൽമണ്ണ യൂണിറ്റിൽ 49-ഉം ബസ്സുകൾ അനുവദിച്ചിട്ടുണ്ട്. ഇതിൽ പെരുന്തൽമണ്ണ യൂണിറ്റിൽ സർവ്വീസ് നടത്തിപ്പിനായി 4 ബസ്സുകളുടെ കുറവുണ്ട്. |
| (ബി) | മലപ്പുറം - മഞ്ചേരി - കരുവാരക്കുണ്ട് ബസ് സർവ്വീസ് ഉടൻ ആരംഭിക്കാനാവുമോ ? | (ബി) | മൂന്ന് മലപ്പുറം - മഞ്ചേരി - കരുവാരക്കുണ്ട് സർവ്വീസ് ആരംഭിക്കുന്നതിന് അനുവാദം നൽകിയിട്ടുണ്ട്. ബസ്സും ജീവനക്കാരും ലഭ്യമാകുന്ന മുറയ്ക്ക് അനുവാദം നൽകിയ സർവ്വീസുകൾ ആരംഭിക്കുന്നകാര്യം പരിശോധിക്കുന്നതാണ്. |

[signature]

സെക്ഷൻ ഓഫീസർ